# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3218

18.10.2016 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കിന്റെ ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർക്കും ജനറൽ മാനേജർമാർക്കും ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്നത് വിശദമാക്കുമോ; | (എ) ജില്ലാ സഹകരണ ബാങ്കിലെ പ്രസിഡന്റുമാർക്കും ജനറൽ മാനേജർമാർക്കും ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ 55/2003-ാം നമ്പർ സർക്കുലറിലാണ് പ്രതിപാദിച്ചിട്ടുള്ളത്. ആയതിൽ സഹകരണ സ്ഥാപനങ്ങൾ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സബ്റൂൾ അംഗീകരിച്ച് വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിന് 8 കിലോമീറ്റർ പുറത്തേയ്ക്ക് ഉപയോഗിക്കുന്നതിനും 8 കിലോമീറ്റർ കൂടുതൽ ദൂരമുള്ള സ്വന്തം വസതിയിൽ പോയി വരുന്നതിനും ജില്ലാ ബാങ്ക് ജനറൽ മാനേജർക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിന് 8 കിലോമീറ്റർ പുറത്തേയ്ക്ക് ഉപയോഗിക്കുന്നതിനും 8 കിലോമീറ്റർ കൂടുതൽ ദൂരമുള്ള സ്വന്തം വസതിയിൽ പോയി വരുന്നതിനും ജില്ലാ ബാങ്ക് ജനറൽ മാനേജർക്ക് പ്രത്യേക അനുമതി നൽകിയിട്ടില്ല. |
| (സി) ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള സർക്കാർ നിയമം മറികടക്കുവാനായി | (സി) പരിശോധിച്ച് തുടർ നടപടി സ്വീകരിക്കും. |

. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് തയ്യാറാക്കിയ വെഹിക്കിൾ റൂൾ, ഭരണസമിതി തീരുമാന പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച് നൽകിയത് സർക്കാർ നിയമ വ്യവസ്ഥ പ്രകാരം നിലനിൽക്കുന്നതാണോ എന്ന കാര്യം പരിശോധിക്കുമോ;

നിയമവിരുദ്ധമെങ്കിൽ ഈ വിഷയത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസർ